Pathanamthitta	7	22,00,000
Thiruvananthapuram	51	1,38,37,500
Thrissur	32	1,03,45,000
Wayanad	37	90,14,100
Grand Total	851	21,91,55,800

(സി) സബ്സിഡി നൽകുന്നില്ല.

ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വനിതകൾക്കുള്ള വീട് നിർമ്മാണം

332 (1758) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

എ) ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് വീട് നിർമ്മിക്കുന്നതിനായി എത്ര രൂപയാണ് ഇതിനകം ചെലവഴിച്ചതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(ബി) എന്തെല്ലാം മാനദണ്ഡങ്ങൾക്കനുസരിച്ചാണ് ഇത്തരം വീടുകൾ നൽകി വരുന്നതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ന്യൂനപക്ഷക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെടുന്ന വിധവകൾ/വിവാഹമോചിതർ/ഉപേക്ഷിക്കപ്പെട്ടവർ എന്നീ വിഭാഗത്തിൽപ്പെട്ടവർക്ക് 2 ലക്ഷം രൂപ ധനസഹായം നൽകുന്ന ഭവന പദ്ധതിയിൽ 2013-14 സാമ്പത്തിക വർഷത്തിൽ 950 വീടുകളുടെ നിർമ്മാണത്തിന് 19 കോടി രൂപയും 2014-15 സാമ്പത്തിക വർഷത്തിൽ 249 വീടുകൾക്കായി 4.98 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. മുഴുവൻ തുകയും അതത് ജില്ലാ കളക്ടർമാർക്ക് കൈമാറിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ടി പദ്ധതിക്ക് അപേക്ഷിക്കാനുള്ള നിർദ്ദിഷ്ട യോഗ്യതയുള്ളവരിൽ നിന്നും താഴെ പറയുന്ന മാനദണ്ഡങ്ങൾ 100 മാർക്കിന് നിശ്ചയിച്ചുകൊണ്ടാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്.

1. അപേക്ഷകയോ, അപേക്ഷകയുടെ മക്കളോ മാനസിക-ശാരീരിക വെല്ലുവിളി നേരിടുന്നവരാണെങ്കിൽ (20 മാർക്ക്)
2. അപേക്ഷകയ്ക്ക് മൈനറായ മക്കളുണ്ടെങ്കിൽ (10 മാർക്ക്)
3. അപേക്ഷകയ്ക്ക് പെൺകുട്ടികൾ മാത്രമെങ്കിൽ (10 മാർക്ക്)
4. ബി.പി.എൽ. കുടുംബം (ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർ അടക്കം) ആണെങ്കിൽ (10 മാർക്ക്)
5. അപേക്ഷക 40-55 പ്രായത്തിനിടയിലുള്ളവരെങ്കിൽ (10 മാർക്ക്)
6. അപേക്ഷക ഏകവരുമാനദായക ആണെങ്കിൽ (10 മാർക്ക്)

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

7. അപേക്ഷകയ്ക്ക് സ്വന്തം പേരിൽ സ്ഥലം ഉണ്ടെങ്കിൽ (5 മാർക്ക്)

8. അപേക്ഷക ക്യാൻസർ, കിഡ്നി പ്രശ്നം, ലിവർ സിറോസിസ്, തളർവാതം ഇടങ്ങിയ അസുഖങ്ങളുള്ളവരാണെങ്കിൽ (10 മാർക്ക്)

9. അപേക്ഷകയുടെ മക്കൾക്ക് ക്രമ നമ്പർ 8 പ്രകാരമുള്ള അസുഖങ്ങളുള്ള വരാണെങ്കിൽ (10 മാർക്ക്)

10. അപേക്ഷകയുടെ പരമാവധി വസ്തു വിസ്തീർണ്ണം 10 സെന്റോ അതിന് താഴെയോ ആണെങ്കിൽ (5 മാർക്ക്)

ഇതിന്റെ അടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന ഗുണഭോക്താക്കളെ പ്രാഥമികമായി തെരഞ്ഞെടുത്ത് അതാത് ജില്ലകളിലെ ബന്ധപ്പെട്ട വില്ലേജ് ആഫീസർ മുഖേന ഫീൽഡ് വെരിഫിക്കേഷൻ നടപടിക്രമം പൂർത്തീകരിച്ച് ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ചിട്ടുള്ള അർഹരായ ഗുണഭോക്താക്കളുടെ അന്തിമ ലിസ്റ്റ് തയ്യാറാക്കിയാണ് പദ്ധതി നിർവ്വഹണം നടത്തുന്നത്.

ന്യൂനപക്ഷക്ഷേമ വകുപ്പ്

33 (1759) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ന്യൂനപക്ഷക്ഷേമ വകുപ്പ് രൂപീകരിച്ചിട്ടുണ്ടോ; പ്രസ്തുത വകുപ്പിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) ന്യൂനപക്ഷ ക്ഷേമവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിന് വകുപ്പിന്റെ പ്രവർത്തനം എപ്രകാരം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) വകുപ്പിന്റെ കീഴിൽ സംസ്ഥാന ജില്ലാതല ഓഫീസുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. കേരളത്തിലെ ന്യൂനപക്ഷ ജനവിഭാഗങ്ങളുടെ സാമൂഹികവും, സാമ്പത്തികവും, വിദ്യാഭ്യാസപരവും, തൊഴിൽപരവുമായ പിന്നാക്കാവസ്ഥ പരിഹരിച്ച് അവരുടെ ഉന്നമനത്തിനായി പദ്ധതികൾ/പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് ന്യൂനപക്ഷ വിഭാഗത്തിന്റെ സമഗ്ര വികസനം ഉറപ്പുവരുത്തുകയാണ് വകുപ്പിന്റെ ലക്ഷ്യം.

(ബി) ന്യൂനപക്ഷ ക്ഷേമവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ സംസ്ഥാന തലത്തിലുള്ള ഏകോപനവും നിയന്ത്രണവും മേൽനോട്ടവും പൊതുഭരണ (ന്യൂനപക്ഷ ക്ഷേമ) വകുപ്പിന് കീഴിൽ ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റ് നിർവ്വഹിക്കുന്നു. ജില്ലാതലത്തിൽ ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് ഡെപ്യൂട്ടി

LIBRARY ARCHIVES Kerala Legislative Assembly.